നമ്പർ 110/82

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൻമേൽ ആരൂഢനായിരിക്കുന്ന

പൌരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസ്സേലിയോസ് മാർ തോമ്മാ മത്യൂസ് പ്രഥമൻ

നമ്മുടെ ........................................................................................................ പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ കോട്ടയം മെത്രാസന ഇടവകയിൽപെട്ട, ഹൈറേഞ്ചുപ്രദേശത്തുള്ള പള്ളികൾ മെത്രാസന കേന്ദ്രത്തിൽനിന്നു വളരെ അകന്നും മെത്രാസന ഇടവകയുടെ ശേഷം ഭാഗത്തുനിന്നു ഒററപ്പെട്ടും സ്ഥിതിചെയ്യുന്നതിനാൽ, ആ പള്ളികൾക്കു മെത്രാസന കേന്ദ്രവുമായോ മെത്രാസന ഇടവകയിലുള്ള മററു പള്ളികളുമായോ സമ്പർക്കം പുലർത്തുന്നതിനു വളരെ അധികം പ്രയാസമുണ്ടാകുന്നതുകൊണ്ടു അതു ഒഴിവാക്കുന്നതിനും കോട്ടയം മെത്രാസന ഇടവകയിൽ പെട്ട പള്ളികളിൽ, മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൽ ഇരിക്കുന്ന പള്ളികൾക്കു, കോട്ടയം മെത്രാസന ഇടവകയോഗത്തിൽ സംബന്ധിക്കുന്നതിനും, സണ്ടേസ്കൂൾ അസോസ്യേഷൻ മർത്തമറിയം വനിതാസമാജം ആദിയായ ആദ്ധ്യാത്മിക സംഘടനകളിൽ ചേരുന്നതിനും മററും ചില പ്രതിബന്ധങ്ങൾ ഉണ്ടാകുന്നതുകൊണ്ടും അങ്ങനെ ആ പള്ളികൾക്കു മെത്രാസന തലത്തിലുള്ള അവകാശങ്ങൾ നഷ്ടപ്പെടുന്നതുകൊണ്ടും ആ പ്രതിബന്ധങ്ങൾ നീക്കുന്നതിനും കോട്ടയം മെത്രാസന ഇടവകയെ മൂന്നു മെത്രാസന ഇടവകകളായി വിഭജിക്കണമെന്നു അഭിപ്രായമുണ്ടാകയാൽ, ആ മെത്രാസന ഇടവകയെ അപ്രകാരം വിഭജിക്കുന്നതിനെപററിയും അങ്ങനെ രൂപീകരിക്കുന്ന മെത്രാസന ഇടവകകൾക്കു ഇടവക മെത്രാപ്പോലീത്തന്മാരെ നിയമിക്കുന്നതിനെപററിയും മലങ്കര അസോസ്യേഷൻ മാനേജിങ്ങ് കമ്മററി 4–3–81, 10–9–81, 8–1–82 എന്നീ തീയതികളിൽ കൂടി ആലോചിച്ചു ചെയ്ത നിശ്ചയങ്ങളും ശുപാർശകളും 1982 ഫെബ്രുവരി 22 മുതൽ 26 വരെ തീയതികളിൽ കൂടിയ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചതനുസരിച്ചു, ഇപ്പോഴത്തെ കോട്ടയം മെത്രാസന ഇടവകയെ, കോട്ടയം സെൻട്രൽ, കോട്ടയം, ഇടുക്കി എന്നീ മൂന്നു മെത്രാസന ഇടവകകളായി നാം വിഭജിച്ചിരിക്കുന്നു. ഈ മൂന്നു മെത്രാസന ഇടവകകളിൽ ഓരോന്നിലും ഉൾപ്പെടുത്തിയിട്ടുള്ള പള്ളികളുടെ ലിസ്റ്റിന്റെ ഒരു പ്രതി നമ്മുടെ മുദ്രവച്ചു ഇതോടൊന്നിച്ചു അയയ്ക്കുന്നു. പ്രസ്തുത മൂന്നു മെത്രാസന ഇടവകകളിൽ, കോട്ടയം സെൻട്രൽ മെത്രാസന ഇടവകയും, മറെറാരു ക്രമീകരണം ഉണ്ടാകുന്നതുവരെ കോട്ടയം മെത്രാസന ഇടവകയും, മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൽ ഇരിക്കുന്നതാണു. ഇടുക്കി മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്താ ആയി മത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായെ നാം നിയമിച്ചിരിക്കുന്നതും അദ്ദേഹം ഇടുക്കി ഇടവകയുടെ മെത്രാപ്പോലീത്താ ആയിരിക്കുന്നതോടൊപ്പം, മറെറാരു തീരുമാനം ഉണ്ടാകുന്നതുവരെ കോട്ടയം ഇടവക മെത്രാപ്പോലീത്തായുടെ അസിസ്റ്റൻറുകൂടി ആയിരിക്കുന്നതും ആകുന്നു.

(മറുവശം)

മേൽപറഞ്ഞ മെത്രാസന ഇടവകകളുടെ രൂപീകരണവും അവയുടെ ഭരണ ക്രമീകരണവും ഇടവക മെത്രാപ്പോലീത്തായുടെ നിയമനവും 1982 ജൂൺ 1—ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാകുന്നു.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വി. കന്യകമറിയാമിൻെറയും ഇൻഡ്യയുടെ കാവൽ പിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ.

ആമ്മീൻ

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ............

1982 ഏപ്രിൽ 21—ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്നു്.